# ഭാര്യാ ഭർത്താക്കന്മാർക്കുള്ള ഉപദേശങ്ങൾ -

# ഷെയ്ഖ് അൽബാനി (رحمه الله)

بسم الله الرحمن الرحيم

ശൈഖ് നാസിറുദ്ദീൻ അൽബാനി رحمه الله തന്റെ آداب الزفاف في السنة المطهرة

എന്ന കിതാബിൽ കൊടുത്ത ഭാര്യ ഭർത്താക്കന്മാർക്കുള്ള ഉപദേശമാണിത്. അല്ലാഹു നമ്മെയേവരെയും അനുഗ്രഹിക്കുമാറാകട്ടെ.

**ശൈഖ് പറയുന്നു:**

**ഒന്നാമതായി,**

പരസ്പരം സ്നേഹത്തോടെയും സാന്ത്വനത്തോടെയും സഹകരിക്കുക. അല്ലാഹു സുബ്ഹാനഹു വതആലയുടെ വിധിവിലക്കുകൾ സൂക്ഷിക്കുവാനും ഖുർആനും റസൂൽ ﷺ യുടെ ചര്യയും ജീവിതത്തിൽ മുറുകെ പിടിക്കുവാൻ പരസ്പരം ഉപദേശിക്കുക.

**രണ്ടാമതായി,**

നിങ്ങൾ ഓരോരുത്തരും അല്ലാഹു ﷻ നിങ്ങളുടെമേൽ നിർബന്ധമാക്കിയ പരസ്പരം വർത്തിക്കേണ്ട ഉത്തരവാദിത്തങ്ങൾ പൂർണമായി നിറവേറ്റുക. അതിനാൽ ഒരു ഭാര്യ തന്റെ ഭർത്താവിന്റെ അവകാശങ്ങൾ പൂർണമായി നിറവേറ്റി കൊടുക്കുകയും ഭർത്താവ്, തന്റെ ഭാര്യക്കു മേൽ ഉള്ള മേധാവിത്വം ഒരിക്കലും അവളോട് അനീതി കാണിക്കുവാനോ, അവളെ അടിച്ചമർത്തുവാനോ ഉപയോഗപ്പെടുത്താവുന്നതല്ല.

അല്ലാഹു ﷻ പറയുന്നു:

وَلَهُنَّ مِثْلُ ٱلَّذِى عَلَيْهِنَّ بِٱلْمَعْرُوفِ ۚ وَلِلرِّجَالِ عَلَيْهِنَّ دَرَجَةٌ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٢٢٨﴾

(سورة البقرة )

‘‘സ്ത്രീകൾക്ക് (ഭർത്താക്കൻമാരോട്) ബാധ്യതകൾ ഉള്ളതു പോലെ തന്നെ ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. എന്നാൽ പുരുഷൻമാർക്ക് അവരെക്കാൾ ഉപരി ഒരു പദവിയുണ്ട്. അല്ലാഹു പ്രതാപശാലിയും യുക്തിമാനും ആകുന്നു.’’

മറ്റൊരു വചനത്തിൽ അല്ലാഹു ﷻ പറഞ്ഞു:

ٱلرِّجَالُ قَوَّٰمُونَ عَلَى ٱلنِّسَآءِ بِمَا فَضَّلَ ٱللَّهُ بَعْضَهُمْ عَلَىٰ بَعْضٍ وَبِمَآ أَنفَقُوا۟ مِنْ أَمْوَٰلِهِمْ ۚ فَٱلصَّٰلِحَٰتُ قَٰنِتَٰتٌ حَٰفِظَٰتٌ لِّلْغَيْبِ بِمَا حَفِظَ ٱللَّهُ ۚ وَٱلَّٰتِى تَخَافُونَ نُشُوزَهُنَّ فَعِظُوهُنَّ وَٱهْجُرُوهُنَّ فِى ٱلْمَضَاجِعِ وَٱضْرِبُوهُنَّ ۖ فَإِنْ أَطَعْنَكُمْ فَلَا تَبْغُوا۟ عَلَيْهِنَّ سَبِيلًا ۗ إِنَّ ٱللَّهَ كَانَ عَلِيًّا كَبِيرًا ﴿٣٤﴾ (سورة النساء)

‘‘പുരുഷൻമാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറ്റു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷൻമാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷൻമാരുടെ)അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം)സംരക്ഷിക്കുന്നവരുമാണ്. എന്നാൽ അനുസരണക്കേട് കാണിക്കുമെന്ന് നിങ്ങൾ ആശങ്കിക്കുന്ന സ്ത്രീകളെ നിങ്ങൾ ഉപദേശിക്കുക. കിടപ്പറകളിൽ അവരുമായി അകന്നു നിൽക്കുക. അവരെ അടിക്കുകയും ചെയ്ത് കൊള്ളുക. എന്നിട്ടവർ നിങ്ങളെ അനുസരിക്കുന്ന പക്ഷം പിന്നെ നിങ്ങൾ അവർക്കെതിരിൽ ഒരു മാർഗവും തേടരുത്. തീർച്ചയായും അല്ലാഹു ഉന്നതനും മഹാനുമാകുന്നു.’’

മുആവിയഇബ്നു ഹൈദ ؓ ഒരിക്കൽ റസൂൽ ﷺ യോട് ചോദിച്ചു:

‘‘അല്ലാഹുവിന്റെ റസൂലേ.. ‘‘ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരോടുള്ള കടമകൾ എന്തൊക്കെയാണ്?’’ റസൂൽ ﷺ പറഞ്ഞു:‘‘നീ വസ്ത്രം അണിയുന്നത് പോലെ അവളേയും അണിയിക്കുക, നിന്റെ ഭക്ഷണത്തിൽ നിന്നു അവൾക്കും നൽകുക,

ഒരിക്കലും അവളുടെ സൗന്ദര്യം ഇല്ലാതാക്കാൻ നീ പ്രാർഥിക്കരുത് (ഭാര്യ ഭർത്താകന്മാർ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അല്ലാഹു നിന്നെ വിരൂപിയാക്കട്ടെ എന്ന് പ്രാർഥിക്കൽ; ഇത് ജാഹിലിയ്യത്തിൽ അറബികൾക്കിടയിൽ ഉണ്ടായിരുന്ന സമ്പ്രദായമായിരുന്നു), അവളുടെ മുഖത്ത് നീ ഒരിക്കലും അടിക്കരുത്. അവളെ കിടപ്പറയിൽ നിന്ന് അകറ്റി നിർത്തുമ്പോൾ ഒരിക്കലും നീ വീട് വിട്ടു പോകരുത്. നിങ്ങൾ ഒരുമിച്ചായിരിക്കെ എങ്ങനെ നിനക്ക് ഇതൊക്കെ ചെയ്യാൻ കഴിയും? അതു കൊണ്ട് അത്തരം അവസരങ്ങളിൽ അനുദനീയമായ രീതിയിൽ മാത്രം നീ അവളോട് വർത്തിക്കുക.'' (അഹ്മദ്)

മറ്റൊരു ഹദീസിൽ റസൂൽ ﷺ പറഞ്ഞു:''ആർ തന്റെ കുടുംബത്തോടും തന്റെ അധീനതയിൽ ഉള്ളതിനോടും നീതി കാണിച്ചുവോ അവർ അല്ലാഹുവിന്റെ വലതു കൈയിലെ പ്രകാശത്തിന്റെ ആധിപത്യത്തിൽ ആയിരിക്കും -അല്ലാഹുവിന്റെ ഇരു കൈകളും വലത് ആണ്.'' (മുസ്‌ലിം)

അതിനാൽ ആരൊക്കെ ഇത്തരം കാര്യങ്ങൾ മുറുകെ പിടിക്കുന്നുവോ തീർച്ചയായും അല്ലാഹു അവർക്ക് സുന്ദരമായ ഒരു ജീവിതം നൽകുന്നതായിരിക്കും-അവർ ഒരുമിച്ചായിരിക്കുന്നിടത്തോളം കാലം സന്തോഷത്തിന്റെ നിർവൃതിയിലും ആയിരിക്കും.

### മൂന്നാമതായി,

ഒരു സ്ത്രീ തന്റെ ഭർത്താവിനോട് അനുസരണയുള്ളവൾ ആയിരിക്കണം. അല്ലാഹു പുരുഷനാണു സ്ത്രീയുടെ മേൽ ആധിപത്യം കൊടുത്തിട്ടുള്ളത്. ഇതു ധാരാളം ഹദീസുകളിൽ ആയി സ്ഥിരപ്പെട്ടു വന്നതുമാണ്.അതിനാൽ അത്തരം ഹദീസുകൾ നമ്മുടെ സഹോദരിമാർ അറിഞ്ഞിരിക്കേണ്ടതുമാണ്. അതിൽ ചിലത് താഴെ കൊടുക്കുന്നു:

<u>ഒന്ന്:</u> ''തന്റെ ഭർത്തവിന്റെ സാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ അനുവാദത്തോടു കൂടിയല്ലാതെ ഒരു സ്ത്രീ നോമ്പെടുക്കാൻ പാടുള്ളതല്ല, റമദാനിലൊഴികെ. തന്റെ ഭർത്താവിന്റെ അനുതിയോടെയല്ലാതെ മറ്റൊരാളെ വീട്ടിലേക്ക് പ്രവേശിപ്പിക്കാനും പാടുള്ളതല്ല''(ബുഖാരി)

<u>രണ്ട്:</u> ''ഏതൊരു സ്ത്രീയാണോ തന്റെ ഭർത്തവിന്റെ കിടപ്പറയിലേക്കുള്ള ക്ഷണം നിരസിച്ചത്, നേരം പുലരുന്നത് വരെ മലക്കുകൾ അവളെ ശപിക്കുന്നതായിരിക്കും.'' മറ്റൊരു റിപ്പോർട്ടിൽ ''തന്റെ ഭർത്താവ് പൊറുത്ത് കൊടുക്കുന്നത് വരെ'' എന്നുണ്ട്. (ബുഖാരി)

<u>മൂന്ന്:</u> ''ഒരു സ്ത്രീ എപ്പോഴൊക്കെ തന്റെ ഭർത്താവിനെ ഉപദ്രവിക്കുന്നുവോ അവന്റെ സ്വർഗത്തിലെ ഭാര്യയായ ഹൂറി പറയും: ''അദ്ദേഹത്തെ അലോസരപ്പെടുത്തരുത്, അല്ലാഹു നിന്നെ ശപിക്കട്ടെ! അദ്ദേഹം നിന്റെയടുക്കൽ കേവലം അഥിതി മാത്രമാണ്.

തീർച്ചയായും അദ്ദേഹം നീയുമായി വിട്ട് പിരിഞ്ഞ് എന്നിലേക്ക് വരാനായിട്ടുണ്ട്'' (തിർമിദി, ഇബ്നുമാജ)

നാല്: ''എന്റെ ആത്മാവ് ആരുടെ കൈയിലാണോ, ഒരു സ്ത്രീയും തന്റെ റബ്ബിനോടുള്ള കടമകൾ നിറവേറ്റിയിട്ടില്ല, തന്റെ ഭർത്താവിനോടുള്ള കടമകൾ നിറവേറ്റി കൊണ്ടല്ലാതെ.'' (ഇബ്നുമാജ, അഹ്മദ്)

അഞ്ച്: ഹുസൈൻ ഇബ്നു മുഹ്സാൻ തന്റെ അമ്മായി പറഞ്ഞതായി നിവേദനം ചെയ്യുന്നു: ''ഒരിക്കൽ ഞാൻ റസൂൽ ﷺ യുടെ അടുക്കൽ ഒരാവശ്യത്തിനായി ചെന്നു. അപ്പോൾ അദ്ദേഹം എന്നോട് ചോദിച്ചു: നീ വിവാഹിതയാണോ? ഞാൻ അതെയെന്നു പറഞ്ഞു. നീ നിന്റെ ഭർത്താവിനോട് എങ്ങനെയാണ്? ഞാൻ പറഞ്ഞു എനിക്കു കഴിയാവുന്ന വിധം ഞാൻ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കാറുണ്ട്. അപ്പോൾ റസൂൽ ﷺ പറഞ്ഞു: നീ നിന്റെ ഭർത്താവിന്റെ കാര്യത്തിൽ ശ്രദ്ധിക്കണം, കാരണം അത് ഒരേ സമയം സ്വർഗത്തിലേക്കും നരകത്തിലേക്കുമുമ താക്കോൽ ആകുന്നു.''

(ത്വബ്റാനി, ഇബ്നുമാജ, അഹ്മദ്)

ആറ്: ''ഏതൊരു സ്ത്രീ ആണോ അഞ്ച് നേരം നമസ്കാരം നിലനിർത്തുകയും, (അന്യായമായതിൽ നിന്നു) തന്റെ ഗുഹ്യസ്ഥാനം സൂക്ഷിക്കുകയും, തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്യുന്നത്, അവൾ തനിക്കിഷ്ടമുള്ള കവാടത്തിലൂടെ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്.'' (ത്വബ്റാനി, ഇബ്നു ഹിബ്ബാൻ)

**വിവർത്തനം : അബൂ ആഇശ**

www.aloloommalayalam.blogspot.com